## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1598** | **05.02.2019-ൽ മറുപടിയ്ക്ക്**

### കണ്ണൂർ ജില്ലയിലെ ലൈഫ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| എ | ലൈഫ് പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | എ | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുടെ മുന്നോടിയായി 2017 ൽ കുടുംബശ്രീ മുഖേന സർവ്വേ നടത്തി ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നു. ടി ഗുണഭോക്താക്കളിൽ നിന്ന്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഗ്രാമസഭയിലൂടെ അനർഹരെ ഒഴിവാക്കിയും അർഹരെ ഉൾപ്പെടുത്തിയും അന്തിമ ലിസ്റ്റ് തയ്യാറാക്കുകയും തുടർന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള പരിശോധനക്ക് ശേഷം അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമാക്കിയിട്ടുള്ളതുമാണ്. ഇത്തരത്തിലാണ് ഭൂമിയുള്ള ഭവനരഹിതരേയും, ഭൂരഹിത ഭവനരഹിതരേയും കണ്ടെത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | തുടർന്ന് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരിക്കൽ, ഭൂമിയുള്ള ഭവന രഹിതർക്ക് വീട് നൽകൽ, ഭൂരഹിത ഭവനരഹിതർക്ക് വീട് നൽകുന്നതിനായി ഭവന സമുച്ചയ നിർമ്മാണം, വാസയോഗ്യമല്ലാത്ത ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ, എന്നിങ്ങനെ 4 ഘട്ടങ്ങളായി തിരിച്ച് മുൻഗണനാക്രമത്തിൽ ലൈഫ് ഭവന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br><br>ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടമായ പൂർത്തീകരിക്കുവാൻ ഉണ്ടായിരുന്ന വീടുകളുടെ പൂർത്തീകരണം എന്ന വിഭാഗത്തിൽ 2001 മുതൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി പൂർത്തീകരിക്കുവാൻ ഉണ്ടായിരുന്ന 54098 വീടുകളിൽ 49846 വീടുകൾ (92.14%) നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിൽ 100618 ഗുണഭോക്താക്കളെ അർഹരായി കണ്ടെത്തുകയും ഇതിൽ 79384 ഗുണഭോക്താക്കൾ തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ എഗ്രിമെന്റ് വെച്ച് നിർമ്മാണം ആരംഭിക്കുകയും 3060 വീടുകൾ നാളിതുവരെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ജനറൽ, പട്ടിക ജാതി എന്നീ വിഭാഗങ്ങൾക്ക് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 6 ലക്ഷം രൂപയുമാണ് ധനസഹായമായി നൽകുന്നത്. ഈ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും, സംസ്ഥാന സർക്കാർ വിഹിതത്തിൽ നിന്നും, ഹഡ്കോയിൽ നിന്നുള്ള ലോൺ മുഖേനയുമാണ് കണ്ടെത്തുന്നത്. മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ വിഭാഗത്തിലുള്ള 337416 ഗുണഭോക്താക്കൾക്ക് വീട് നൽകുന്നതിന്റെ ഭാഗമായി 14 ജില്ലകളിലും ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും ഓരോ ഭവന സമുച്ചയം പൈലറ്റായി നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നാലാം ഘട്ടമായ വാസയോഗ്യമല്ലാത്ത ഗുണഭോക്താക്കളുടെ വീടുകൾ വാസയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. |
| ബി | ലൈഫ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ഇതുവരെ എത്ര പേർക്ക് വീടുകൾ ലഭ്യമായിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ? | ബി | കണ്ണൂർ ജില്ലയിൽ ലൈഫ് പദ്ധതിയിൽ നാളിതുവരെ വീടുകൾ ലഭ്യമായ ഗുണഭോക്താക്കളുടെ മണ്ഡലം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

| LIFEMISSION KANNUR - ASSSEMBLI CONSTITUENCY WISE NO OF BENEFICIAARIES | | | | |
|---|---|---|---|---|
| Sl. No. | Name of L A Constitunecy | Name o f Local Bodies | വീട് ലഭ്യമായ എണ്ണം | |
| 1 | **Payyannur** | | | |
| | | Cherupuzha | 62 | |
| | | Kankoll Alapadamba | 16 | |
| | | Perngome Vayakkara | 98 | |
| | | Payyannur MP | 4 | |
| | | Ramanthali | 23 | |
| | | Eramama Kuttoor | 55 | |
| | | Payyannur Muncipality | 2 | |
| | | | | 260 |
| 2 | ***Kalliasseri*** | | | |
| | | **Kunhimangalam** | 11 | |
| | | Cheruthazham | 14 | |
| | | Kadannappally | 20 | |
| | | Maday | 10 | |
| | | Ezhome | 8 | |
| | | Pattuvam | 9 | |
| | | Cherukunnu | 21 | |
| | | Kannapuram | 10 | |
| | | Mattul | 7 | |
| | | | | 110 |
| 3 | **Thaliparamba** | | | |
| | | Anthoor MP | 2 | |
| | | Mayyil | 69 | |
| | | Kolacheri | 20 | |
| | | Kuttiattur | 7 | |
| | | Malappattom | 5 | |
| | | Pariyaram | 29 | |
| | | Kurumathur | 72 | |
| | | Chapparapadave | 40 | |
| | | Tlaiparamba Muncipality | 0 | |
| | | | | 244 |

| | | | | |
|---|---|---|---|---|
| 4 | Irikkur | | | |
| | | **Alakkod** | 28 | |
| | | Udayagiri | 47 | |
| | | Naduvil | 51 | |
| | | Chengali | 76 | |
| | | Sreekandapuram MP | 11 | |
| | | Eruvessi | 36 | |
| | | Payyavur | 27 | |
| | | Irikkur | 10 | |
| | | Ulikkal | 228 | |
| | | | | 514 |
| 5 | **Azhikkode** | | | |
| | | Azhikkode | 6 | |
| | | Pappinisseri | 19 | |
| | | Narath | 16 | |
| | | Chirakkal | 17 | |
| | | **Valapattanam** | 6 | |
| | | Kannur Coprporation | 8 | |
| | | | | 72 |
| 6 | **Kannur** | | | |
| | | Munderi | 11 | |
| | | Kannur corpon | 4 | 15 |
| | | | | |
| 7 | **Dharmadom** | | | |
| | | Chembilode | 29 | |
| | | Anjarakkandi | 13 | |
| | | Vengad | 18 | |
| | | Peralasseri | 16 | |
| | | Kadambur | 11 | |
| | | Muzhappilangadu | 9 | |
| | | Dharmadom | 3 | |
| | | Pinaray | 12 | |
| | | | | 111 |

| | | | | |
|---|---|---|---|---|
| 8 | **Thalasseri** | | | |
| | | Eranholi | 10 | |
| | | Kadirur | 6 | |
| | | Thalasseri MP | 2 | |
| | | Panniannur | 12 | |
| | | New Mahe | 11 | |
| | | **Chokli** | ***13*** | |
| | | | | 54 |
| 9 | **Kuthuparamba** | | | |
| | | Kottayam | 5 | |
| | | Kuthuparamba MP | 15 | |
| | | Pattiam | 23 | |
| | | Kunnoithuparamba | 26 | |
| | | Mokeri | 10 | |
| | | Tripangattur | 38 | |
| | | panoor Muncipality | 0 | |
| | | | | 117 |
| 10 | Mattannur | | | |
| | | Koodali | 26 | |
| | | Padiyoor | 51 | |
| | | Mattannur MP | 5 | |
| | | Keezhallur | 7 | |
| | | Maloor | ***13*** | |
| | | **Thillankeri** | 35 | |
| | | Mangatidam | 7 | |
| | | Chittariparamba | 50 | |
| | | Kolayad | 44 | |
| | | | | 238 |
| | | | | |
| 11 | Peravoor | | | |
| | | Peravoor | 63 | |
| | | Payam | 51 | |
| | | Ayyankunnu | 43 | |
| | | Iritty MP | 7 | |
| | | Muzhakkunnu | 82 | |
| | | Aralam | 108 | |
| | | Kanichar | 38 | |
| | | Kelakom, | 26 | |
| | | Kottiyoor | 23 | |
| | | | ***2176*** | 441 |
| | | | | 2176 |